വിശകലനം

ഫഹ്മീ ഹുവൈദി

# 'അത്ഭുതങ്ങള്‍' സൃഷ്ടിച്ച ഫത്ഹിന്റെ സമ്മേളനം

**ഫലസ്ത്വീന്‍** വിമോചന മുന്നണിയിലെ പ്രമുഖ സംഘടനയായ ഫത്ഹിന്റെ സമ്മേളനം ഈയിടെ ബൈത്‌ലഹ്മില്‍ ചേരുകയുണ്ടായി. പ്രതീക്ഷക്കും ആത്മവിശ്വാസത്തിനും ഇടനല്‍കിക്കൊണ്ടല്ല, അമ്പരപ്പിനും നിരാശക്കും വകയൊരുക്കിയാണ് സമ്മേളനത്തിന്റെ തിരശ്ശീല താണത്. അധിനിവേശത്തിന്റെ സുഖശീതളഛായയില്‍ ശത്രുവിന്റെ പൂര്‍ണസഹകരണത്തോടെ ഒരു വിമോചന പ്രസ്ഥാനം സമ്മേളനം നടത്തുന്നു എന്നതു തന്നെ ലോക രാഷ്ട്രീയത്തിലെ അത്ഭുതങ്ങളിലൊന്നായിരിക്കും. സംഗതി അവിടെയും നില്‍ക്കുന്നില്ല. ഒരു 'വിപ്ലവ' കൗണ്‍സിലിനെ വരെ സമ്മേളനം തെരഞ്ഞെടുത്തു കളഞ്ഞു! ഫലസ്ത്വീന്‍ ജനതക്ക് വേണ്ടി അധിനിവേശശക്തിക്കെതിരെ സകലവിധ ചെറുത്തുനില്‍പുകളും സംഘടിപ്പിക്കുമെന്ന ഒരു പ്രഖ്യാപനവും കൂട്ടത്തില്‍. വലിയ വായില്‍ കുറെ വര്‍ത്തമാനങ്ങള്‍ എന്നല്ലാതെ മറ്റെന്ത്! ഇനി ഈ വര്‍ത്തമാനങ്ങളെ നാം കാര്യഗൗരവത്തിലെടുത്താല്‍, സമ്മേളനം കഴിഞ്ഞ ഉടനെ ഇവര്‍ ചെറുത്തുനില്‍പിന്റെ തീപ്പൊരികള്‍ പാറിക്കേണ്ടതാണ്. അത്രക്കും ഭയാനകമാണ് ഫലസ്ത്വീനിലെ സ്ഥിതിവിശേഷം. സമാധാന ചര്‍ച്ചകള്‍ എങ്ങുമെത്തിയില്ല. ജൂത അനധികൃത കുടിയേറ്റം തുടര്‍ന്നുകൊണ്ടേയിരിക്കുന്നു. ഖുദ്സിനെ ജൂതവല്‍ക്കരിക്കാനുള്ള ശ്രമം നാള്‍ക്കുനാള്‍ ശക്തിപ്പെടുന്നു. ഫലസ്ത്വീന്‍ പ്രശ്നവുമായി ബന്ധപ്പെട്ട ഒരു കാര്യത്തിലും ഇനി ചര്‍ച്ചയേ ഇല്ല എന്നാണ് പുതിയ ഇസ്രയേലീ ഭരണകൂടത്തിന്റെ നിലപാട്. 'വിപ്ലവ' കൗണ്‍സിലിന് അതിന്റെ പ്രസക്തിയും നിയമസാധുതയും തെളിയിക്കാന്‍ ഇതിനേക്കാള്‍ പറ്റിയ അവസരം ഇനി വന്നുകിട്ടുമോ? എന്നിട്ടും 'വിപ്ലവ' കൗണ്‍സില്‍ രൂപവത്കരിച്ച് മിണ്ടാതിരിക്കുകയാണെങ്കില്‍ ഒരു ഫലസ്ത്വീനി ന്യായമായും ചോദിക്കും: നിങ്ങള്‍ ഇപ്പോള്‍ വിപ്ലവം നടത്തുന്നില്ലെങ്കില്‍ പിന്നെ എപ്പോഴാണാവോ ആ വിപ്ലവം?

ഞാന്‍ അത്യുക്തി കലര്‍ത്തി പറയുകയല്ല. സമ്മേളനം പുറത്തുവിട്ട പ്രസ്താവന വായിക്കുന്ന, ആ വാക്കുകള്‍ സത്യമാണെന്ന് കരുതുന്ന ആര്‍ക്കും ഉണ്ടാകാവുന്ന പ്രതീക്ഷകളാണിതൊക്കെ. പക്ഷേ, സമ്മേളനത്തിന് ഇസ്രയേല്‍ നല്‍കിയ പിന്തുണയും സഹകരണവും കണ്ണ് തുറന്ന് കാണുന്ന ആരുടെയും പ്രതീക്ഷകള്‍ തകിടം മറിയാതിരിക്കില്ല. 'ഫലസ്ത്വീന്‍ അതോറിറ്റി' എന്ന ലേബലില്‍ സകല ചെറുത്തുനില്‍പുകളെയും

**ഇരുപത് വര്‍ഷത്തിനു ശേഷം ഇതാദ്യമായാണ് ഫത്ഹ് ഒരു സമ്മേളനം വിളിച്ചു ചേര്‍ക്കുന്നത്. ഏതൊരു സംഘടനയും, വര്‍ഷങ്ങള്‍ക്ക് ശേഷം ഇങ്ങനെയൊരു സമ്മേളനം നടക്കുമ്പോള്‍ കഴിഞ്ഞകാല പ്രവര്‍ത്തനങ്ങളെക്കുറിച്ച റിപ്പോര്‍ട്ടുകളും നിലപാടുകള്‍ വ്യക്തമാക്കുന്ന പ്രമേയങ്ങളും അവതരിപ്പിക്കാതിരിക്കില്ല. അഞ്ചോ ആറോ പ്രമേയങ്ങള്‍ ഫത്ഹ് സമ്മേളനത്തിനു വേണ്ടിയും തയാറാക്കിയിരുന്നു. പക്ഷേ ഒടുവില്‍ ആ പ്രമേയങ്ങളൊക്കെയും മാറ്റിവെക്കുകയാണുണ്ടായത്. ഇങ്ങനെ രാഷ്ട്രീയ പ്രമേയങ്ങളൊന്നും തന്നെ അനുവദിക്കപ്പെടാതിരുന്നതിനാല്‍ സമ്മേളനത്തിന് അതിന്റെ നട്ടെല്ല് തന്നെയാണ് നഷ്ടമായത്.**

**കൊളോണിയൽ ഭരണം അവസാനിച്ച ശേഷം മിക്ക അറബ് നാടുകളിലും എന്തു സംഭവിച്ചുവോ അതുതന്നെയാണ് ഫലസ്ത്വീനിലും സംഭവിക്കാൻ പോകുന്നത് എന്ന് ഞാൻ ഭയക്കുന്നു. കൊളോണിയൽ ശക്തികൾ പിൻവാങ്ങിയപ്പോൾ അവരേക്കാൾ ദുഷ്ടരായ 'സ്വദേശികൾ' ആണ് തൽസ്ഥാനത്ത് പ്രതിഷ്ഠിക്കപ്പെട്ടത്. റാമല്ലയിൽ കേന്ദ്രീകരിച്ച ഫലസ്ത്വീൻ അതോറിറ്റിയുടെ അടിച്ചമർത്തൽ കാണുമ്പോൾ ഇതിന്റെ തനിയാവർത്തനം മാത്രമേ ഇവിടെയും പ്രതീക്ഷിക്കേണ്ടതുള്ളൂ.**

അടിച്ചമർത്തുന്നതും പ്രക്ഷോഭകരെ പീഡിപ്പിക്കുന്നതും ഇവർ തന്നെ. പോരാത്തതിന് സുരക്ഷാ കാര്യങ്ങളിൽ ഇസ്രയേലുമായി കൈകോർക്കുകയും ചെയ്യുന്നു. അതോറിറ്റി-ഇസ്രയേൽ സഖ്യമാണ് ഇപ്പോൾ പ്രക്ഷോഭകരെ വേട്ടയാടുന്നത്. 'അധിനിവേശത്തിന്റെ സകലമാന രൂപങ്ങളെയും ചെറുക്കും' എന്ന് സമ്മേളനത്തിൽ വായിച്ചുകേട്ടത് വെറും ഒരു വർത്തമാനം എന്നു കരുതിയാൽ മതി. യാഥാർഥ്യബോധത്തോടെയുള്ള ഒരു നിലപാടിനെയും അത് പ്രതിഫലിപ്പിക്കുന്നില്ല. ഈജിപ്തിലെ മാതൃശിശു കൗൺസിൽ ചെയ്യുന്നതിനപ്പുറമൊന്നും നമ്മുടെ ഈ 'വിപ്ലവ' കൗൺസിൽ ചെയ്യാനും പോകുന്നില്ല!

ഇനി മറ്റൊരു അത്ഭുതം. ഇരുപത് വർഷത്തിനു ശേഷം ഇതാദ്യമായാണ് ഫത്ഹ് ഒരു സമ്മേളനം വിളിച്ചു ചേർക്കുന്നത്. സാധാരണഗതിയിൽ ഏതൊരു സംഘടനയും, രാഷ്ട്രീയ പ്രസ്ഥാനങ്ങൾ മുതൽ വിദ്യാർഥി സംഘടനകൾ വരെ, വർഷങ്ങൾക്ക് ശേഷം ഇങ്ങനെയൊരു സമ്മേളനം നടക്കുമ്പോൾ കഴിഞ്ഞകാല പ്രവർത്തനങ്ങളെക്കുറിച്ച റിപ്പോർട്ടുകളും നിലപാടുകൾ വ്യക്തമാക്കുന്ന പ്രമേയങ്ങളും അവതരിപ്പിക്കാതിരിക്കില്ല. അഞ്ചോ ആറോ പ്രമേയങ്ങൾ ഫത്ഹ് സമ്മേളനത്തിനു വേണ്ടിയും തയാറാക്കിയിരുന്നു. പക്ഷേ ഒടുവിൽ ആ പ്രമേയങ്ങളൊക്കെയും മാറ്റിവെക്കുകയാണുണ്ടായത്. സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് ഫലസ്ത്വീൻ അതോറിറ്റി പ്രസിഡന്റ് മഹ്മൂദ് അബ്ബാസ് ചെയ്ത പ്രസംഗം പ്രമേയമായി കാണുകയും അതിന്റെ അടിസ്ഥാനത്തിൽ ചർച്ചകൾ മുന്നോട്ടു കൊണ്ടുപോയി നിലപാടുകൾ നിജപ്പെടുത്തുകയും ചെയ്യുക എന്നാണ് സദസ്യർക്ക് നൽകിയ നിർദേശം. പ്രസിഡന്റിന്റെ പ്രസംഗം തന്നെ ഭാവി പരിപാടിയുടെ കർമരേഖയായി മാറുകയാണ് ഇവിടെ. ഇങ്ങനെ രാഷ്ട്രീയ പ്രമേയങ്ങളൊന്നും തന്നെ അനുവദിക്കപ്പെടാതിരുന്നതിനാൽ സമ്മേളനത്തിന് അതിന്റെ നട്ടെല്ല് തന്നെയാണ് നഷ്ടമായത്. ഒരു കൂടിപ്പിരിയൽ എന്നതിൽ കവിഞ്ഞ പ്രാധാന്യമൊന്നും അതിന് ലഭിച്ചതുമില്ല.

ഇനി മറ്റൊരു അത്ഭുതം കേൾക്കണം. സമ്മേളന പ്രതിനിധികളിൽ വലിയൊരു വിഭാഗത്തെ റിക്രൂട്ട് ചെയ്തത് അതോറിറ്റിയുടെ കീഴിലുള്ള സുരക്ഷാ വിഭാഗമാണ്. മുൻകൂട്ടി തീരുമാനിച്ചുറച്ച ഒരു നിലപാടിലേക്ക് സമ്മേളനത്തെ എത്തിക്കാൻ അതിന് പറ്റിയവരെ തേടിപ്പിടിച്ച് കൊണ്ടുവരികയായിരുന്നു സുരക്ഷാ വിഭാഗം. ഈജിപ്തിൽ സോഷ്യലിസ്റ്റ് പാർട്ടിയുടെയും ലിബിയയിൽ 'വിപ്ലവ കൗൺസിലി'ന്റെയും സമ്മേളനത്തിലാണ് ഈ പരിപാടി സാധാരണ അരങ്ങേറാറുണ്ടായിരുന്നത്. ഫത്ഹ് സമ്മേളനത്തിന്റെ മുന്നൊരുക്കങ്ങൾ ആലോചിക്കാൻ അമ്മാനിൽ ഒരു കമ്മിറ്റിക്ക് രൂപം നൽകിയിരുന്നു. പ്രതിനിധികളുടെ എണ്ണവും സമ്മേളന പ്രമേയങ്ങളുമൊക്കെ തീരുമാനിക്കേണ്ടിയിരുന്നത് ഈ കമ്മിറ്റിയാണ്. മഹ്മൂദ് അബ്ബാസ് ഇടപെട്ട് ആ കമ്മിറ്റി പിരിച്ചുവിട്ടു. പകരം ഇക്കാര്യങ്ങളൊക്കെ ചർച്ച ചെയ്യാൻ റാമല്ലയിൽ തന്റെ അധ്യക്ഷതയിൽ ഒരു യോഗം വിളിക്കുകയാണ് അദ്ദേഹം ചെയ്തത്. സാധാരണഗതിയിൽ 1200 മുതൽ 1600 വരെ പ്രതിനിധികളാണ് സമ്മേളനത്തിൽ പങ്കെടുക്കേണ്ടിയിരുന്നത്. ഈ യോഗത്തോടെ പ്രതിനിധികളുടെ എണ്ണം 2250ലധികമായി ഉയർന്നു. ഇവരൊക്കെ എവിടെനിന്ന് വന്നു എന്ന് ആർക്കുമറിയില്ല. ആരാണ് അവരെ നാമനിർദേശം ചെയ്തതെന്നും അറിയില്ല. സ്വാഭാവികമായും ഇവരുടെ അംഗത്വത്തെ ചൊല്ലി മറ്റുള്ളവർ ബഹളം വെച്ചു. ഇവരെ നോമിനേറ്റ് ചെയ്തതിന് പിന്നിലുള്ള താൽപര്യങ്ങളെയും അവർ ചോദ്യം ചെയ്തു.

ഇനി നാലാമത്തെ അത്ഭുതം. ഇത്തരമൊരു സമ്മേളനം ഫത്ഹ് കേഡർമാരാണ് നടത്തേണ്ടത്. പക്ഷേ ഇവിടെ സമ്മേളന പരിപാടികൾ ഉടനീളം സുരക്ഷാ വിഭാഗത്തിന്റെ പൂർണ നിയന്ത്രണത്തിലും മേൽനോട്ടത്തിലുമായിരുന്നു. നേരത്തെ തന്നെ നിശ്ചയിച്ച ചർച്ചാപരിധിയുടെ അതിരുകൾ ലംഘിക്കുന്ന അംഗങ്ങളെ സുരക്ഷാ വിഭാഗം അടിച്ചൊതുക്കുന്നതും കാണാമായിരുന്നു. 'അടിച്ചൊതുക്കുക' എന്ന പ്രയോഗത്തിൽ ഒട്ടും അതിശയോക്തി ഇല്ല. മഹ്മൂദ് അബ്ബാസിന്റെ നിർണിത പദ്ധതിയെ ചോദ്യം ചെയ്ത ഫത്ഹിന്റെ മുതിർന്ന നേതാക്കളെ പോലീസ് കൈകാര്യം ചെയ്തത് പത്രങ്ങളിൽ വന്നതാണ്. മുൻ ഇന്റലിജൻസ് മേധാവി ജനറൽ തൗഫീഖ് ത്വൈറാവി, ബ്രിഗേഡിയർ അബൂഹസൻ ശയൂഖി (75), ജോർദാനിൽ നിന്നെത്തിയ ബ്രിഗേഡിയർ മാജിദ് ഹൈദ്മൂർ എന്നിവരാണ് കൈകാര്യം ചെയ്യപ്പെട്ടവരിൽ പ്രധാനികൾ. അടിയേറ്റ് പരിക്കേറ്റ ഈ മൂന്ന് പേരെയും പിന്നീട് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

കൊളോണിയൽ ഭരണം അവസാനിച്ച ശേഷം മിക്ക അറബ് നാടുകളിലും എന്തു സംഭവിച്ചുവോ അതുതന്നെയാണ് ഇവിടെയും സംഭവിക്കാൻ പോകുന്നത് എന്ന് ഞാൻ ഭയക്കുന്നു. കൊളോണിയൽ ശക്തികൾ പിൻവാങ്ങിയപ്പോൾ അവരേക്കാൾ ദുഷ്ടരായ 'സ്വദേശികൾ' ആണ് തൽസ്ഥാനത്ത് പ്രതിഷ്ഠിക്കപ്പെട്ടത്. കൊളോണിയൽ ഭരണം തിരിച്ചുവന്നെങ്കിൽ എന്നുവരെ ജനം ആഗ്രഹിച്ചുപോയി. റാമല്ലയിൽ കേന്ദ്രീകരിച്ച ഫലസ്ത്വീൻ അതോറിറ്റിയുടെ അടിച്ചമർത്തൽ കാണുമ്പോൾ ഇതിന്റെ തനിയാവർത്തനം മാത്രമേ ഇവിടെയും പ്രതീക്ഷിക്കേണ്ടതുള്ളൂ. നമ്മുടെ സ്വപ്നങ്ങളെ വൈകിപ്പിക്കുക മാത്രമല്ല ചെയ്യുന്നത്, അവയെ ഒന്നിന് പിറകെ ഒന്നായി അലസിപ്പിക്കുക കൂടിയാണ്. ■